# കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല
**രജിസ്ട്രാറുടെ കാര്യാലയം, പൂക്കോട്, ലക്കിടി.പി.ഒ., വയനാട് – 673 576**


**(സംഗ്രഹം)**

കെ.വി.എ.എസ്.യു. – പൊതുഭരണം – സർവ്വകലാശാലാ ഭരണസമിതി അംഗങ്ങളുടെ ദിനബത്തയുടെയും യാത്രാബത്തയുടെയും നിരക്കുകൾ – പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================ ===================================

**പൊതുഭരണം (ബി1 വിഭാഗം)**

നമ്പർ: കെ.വി.എ.എസ്.യു./ജി.എ./ബി1/11786/2022 തീയതി, പൂക്കോട്, 18/10/2022

==================================================================================== ====

പരാമർശം: (1). 24-09-2013 തീയതിയിലെ ജി.എ./ഡി/2556/2013 നമ്പരായ സർവ്വകലാശാലാ ഉത്തരവ്.
(2). 27-09-2022 തീയതിയിലെ 79-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് തീരുമാനം.

**ഉത്തരവ്**

സർവ്വകലാശാലാ ഭരണസമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ബഹു. അംഗങ്ങൾക്ക് സൂചന (1) പ്രകാരം, നിലവിൽ ദിനബത്തയായി 750 രൂപയും, യാത്രാബത്തയായി ഒരു കി.മി.-ന് 7 രൂപയുമാണ് നൽകി വരുന്നത്. ഈ നിരക്കുകൾ കാലാനുസൃതമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സൂചന (2) പ്രകാരം 27-09-2022 തീയതിയിലെ 79-ാമത് ബോർഡ് ഓഫ് മാനേജ്മെന്റ് യോഗത്തിന്റെ പരിഗണനയ്ക്കു സമർപ്പിക്കുകയും (ഇനം നമ്പർ 3.16), നിർദ്ദേശം അംഗീകരിച്ചു ചുവടെ പറയും പ്രകാരം നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനു അനുമതി നൽകിയിട്ടുമുണ്ട്.

| | |
|---|---|
| യാത്രാബത്ത | 10 രൂപ/കി.മി. |
| ദിനബത്ത | 1000 രൂപ/ദിവസം |

മേൽ സാഹചര്യത്തിൽ സർവ്വകലാശാല ഉന്നതാധികാര സ്റ്റാറ്റ്യൂട്ടറി സമിതികളിലെ അംഗങ്ങൾക്ക് പ്രസ്തുത സമിതി യോഗങ്ങളിലും, സ്റ്റാറ്റ്യൂട്ടറി സമിതികളുടെ നിർദ്ദേശ പ്രകാരം രൂപീകരിക്കുന്ന ഉപസമിതി യോഗങ്ങളിലും, ഭരണസമിതി അംഗം എന്ന നിലയിൽ പങ്കെടുക്കുന്ന മറ്റു ഔദ്യോഗിക യോഗങ്ങളിലും പങ്കെടുക്കുമ്പോൾ ദിനബത്തയായി പ്രതിദിനം 1000 രൂപയും യാത്രാബത്ത ഇനത്തിൽ കിലോമീറ്ററിന് 10 രൂപ നിരക്കിലും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**രജിസ്ട്രാർ**

ഫിനാൻസ് ഓഫീസർ/സർവ്വകലാശാലയിലെ ഡീൻമാർ/ഡയറക്ടർമാർ/
എല്ലാ ഓഫീസ്/സ്റ്റേഷൻ മേധാവികൾ.

പകർപ്പ്: ജോയിന്റ് ഡയറക്ടർ, കെ.എസ്.എ.ഡി., കെ.വി.എ.എസ്.യു., പൂക്കോട്/
വൈസ് ചാൻസലറുടെ പി.എസ്./രജിസ്ട്രാറുടെ പി.എ./
ഡെപ്യൂട്ടി രജിസ്ട്രാർ/സെക്ഷൻ ഓഫീസർ (ബിൽസ്)/കരുതൽ/മിച്ചം.

**//അംഗീകാരത്തോടെ അയക്കുന്നത്//**

**സെക്ഷൻ ഓഫീസർ**